**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2551** **12-10-2021 - ൽ മറുപടിയ്ക്ക്**

**വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് ഓട്ടോ ഉൾപ്പെടെയുള്ള വാഹനങ്ങൾക്കായി എല്ലാ ഗ്രാമപ്രദേശങ്ങളിലും ചാർജിംഗ് സ്റ്റേഷൻ നിർമ്മിക്കുക കെ.എസ്.ഇ.ബി. ക്ക് പ്രായോഗികമല്ലാത്തതിനാൽ പകരം ചെയ്യാൻ ഉദ്ദേശിക്കുന്ന സംവിധാനം എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കേരളത്തിലെ നിലവിലെ സ്ഥിതിയിൽ ഇലക്ട്രിക് വാഹനങ്ങൾ പ്രത്യേകിച്ചും ഇലക്ട്രിക് ഓട്ടോറിക്ഷകൾ ഏറ്റവും കൂടുതൽ ഉള്ളത് കോഴിക്കോട് ജില്ലയിലാണ്. കോഴിക്കോട് സിറ്റിയിൽ മാത്രം അറുന്നൂറോളം ഇലക്ട്രിക് ഓട്ടോറിക്ഷകൾ ഓടുന്നുണ്ട്. ഇവ എല്ലാം തന്നെ വീടുകളിൽ രാത്രി ചാർജ്ജ് ചെയ്യുകയും 120-130 കി.മീ. ഓടിയതിനുശേഷം ബാറ്ററി ചാർജ്ജ് തീരുകയും ചെയ്യുന്നു. തുടർന്ന് ഓടുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ലഭ്യമല്ലാത്തതിനാൽ ഓട്ടോറിക്ഷ തൊഴിലാളികൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഇതിനൊരു പരിഹാരമായി ഓട്ടോറിക്ഷകൾക്കും ഇരു ചക്ര വാഹനങ്ങൾക്കും ചാർജ്ജ് ചെയ്യാൻ ഉതകുന്ന തരത്തിൽ കോഴിക്കോട് സിറ്റിയിൽ തിരഞ്ഞെടുത്ത പത്ത് ലൊക്കേഷനുകളിലായി കെ.എസ്.ഇ.ബി. യുടെ ഇലക്ട്രിക് പോസ്റ്റുകളിൽ ഘടിപ്പിക്കുന്ന തരത്തിലുള്ള 'പോൾ മൗണ്ടട് ചാർജ്ജിംഗ് സ്റ്റേഷനുകൾ' സ്ഥാപിച്ചു കഴിഞ്ഞു. ഈ സ്റ്റേഷനുകൾ ഉപയോഗപ്പെടുത്തി കോഴിക്കോട് ടൗണിൽ ഓടുന്ന എല്ലാ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കും മൊബൈൽ ഫോൺ വഴി പണമടച്ച് ചാർജ്ജ് ചെയ്യാൻ കഴിയും. എറ്റവും കുറഞ്ഞ പ്രീ-പെയ്ഡ് വാലറ്റ് നിരക്ക് 100 രൂപയാണ്. ഒരു തവണ ഫുൾ ചാർജ്ജ് ചെയ്യുമ്പോൾ 70 രൂപ മൊബൈൽ ഫോൺ വഴി അടയ്ക്കാം. തുടർന്ന് 120-130 കി.മീ. ഓടുവാൻ കഴിയും. ഓരോ ഓട്ടോറിക്ഷയും ചാർജ്ജ് ചെയ്യാൻ എടുക്കുന്ന സമയം, ഉപയോഗിച്ച വൈദ്യുതി, അടച്ച തുക ഇവയെല്ലാം തന്നെ കെ.എസ്.ഇ.ബി.എൽ-നും അതുപോലെ തന്നെ ഓട്ടോറിക്ഷ ഡ്രൈവർക്കും തൽസമയം അറിയുവാൻ കഴിയും. നിലവിലുള്ള പോസ്റ്റുകളിൽ തന്നെ ഇവ ഉറപ്പിക്കുന്നതിനാൽ അധിക ചിലവ് വരുന്നില്ല. CCTV അടക്കമുള്ള മതിയായ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചാണ് ഈ |

| | | | |
|---|---|---|---|
| | | | ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇപ്രകാരം സിറ്റിയിൽ ഓടുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് കൂടുതൽ സമയം ഓടുവാനും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും. കോഴിക്കോട് ആസ്ഥാനമായ സ്റ്റാർട്ടപ്പ് കമ്പനിയായ Charge MOD ആണ് ഇതിനായി ചാർജ്ജിംഗ് ഉപകരണങ്ങളും സോഫ്റ്റ് വെയറും മറ്റും വികസിപ്പിച്ചത്. സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽ നിന്നും 2.52 ലക്ഷം രൂപ ചിലവഴിച്ചാണ് പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചത്. പൈലറ്റ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയശേഷം കേരളം മുഴുവൻ വ്യാപിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി നിലവിൽ വരുന്നതോടെ കേരളത്തിലെ വൈദ്യുതി വാഹന രംഗം വൻ കുതിപ്പിന് സാക്ഷ്യം വഹിക്കും. |

സെക്ഷൻ ഓഫീസർ